LIBRARY ARCHIVES Kerala Legislative Assembly

സഹായം, മത്സ്യബന്ധന നിരോധനം 61 ദിവസത്തേത് 47 ദിവസമാക്കി ചുരുക്കുക, മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള സെൻട്രൽ ഗ്രാന്റ് 75 ശതമാനമായി പുനഃസ്ഥാപിക്കുക, മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണയുടെ ലഭ്യത, റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് കേന്ദ്രത്തോട് ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ.

(ബി&സി) സംസ്ഥാനം ഉന്നയിച്ച എല്ലാ കാര്യങ്ങളിലും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തീർപ്പാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

17 (17) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നാട്ടുവയ്ക്കുകയുണ്ടായി ; ഇവയിൽ പരിഗണിക്കപ്പെട്ടവ ഏതെല്ലാം ; പരിഗണിക്കപ്പെടാതെ പോയവ ഏതെല്ലാം ; വ്യക്തമാക്കാമോ ;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി, പ്രസ്തുത രംഗത്ത് സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ)&ബി) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാനായി സമർപ്പിച്ച സംസ്ഥാനത്തിന്റെ നിരവധി ആവശ്യങ്ങളടങ്ങിയ നിവേദനം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാന വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. മറ്റാവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരുടെ സമ്മേളനം 18-2-2015-ന് തിരുവനന്തപുരത്ത് കൂടുകയും പാർലമെന്റിൽ ഉന്നയിക്കേണ്ട സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എം.പി.-മാരുമായി ചർച്ച ചെയ്യുകയും എം.പി. മാരുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തു.